പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 378     19.03.2013 ൽ മറുപടിക്ക്

## സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ചെറുകിട വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ<br>,, കെ. മുരളീധരൻ<br>,, വർക്കല കഹാർ<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട വൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സർക്കാരിന്റെ ഉത്തരവ് GO(P) No. 25/2012/PD dt. 3.10.2012 പ്രകാരം പുതുക്കിയ ചെറുകിട ജലവൈദ്യുത നയം അനുസരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ Build, Own, Operate and Transfer (BOOT) വ്യവസ്ഥയിൽ 30 . കൊല്ലത്തേക്ക് നൽകുവാനാണ് അനുമതി കൊടുക്കുന്നത്. 30 വർഷത്തിനു ശേഷം ഈ പദ്ധതികൾ സർക്കാരിന് തിരിച്ചുനൽകണം. ഈ ദർഘാസിൽ സർക്കാർ തെരഞ്ഞെടുത്ത 25 MW വരെ സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച നയത്തിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച നയത്തിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു.<br>1) സ്വകാര്യ സംരംഭകർ കണ്ടെത്തുന്ന സ്വകാര്യ ഭൂമിയിൽ പദ്ധതി തുടങ്ങുന്നതിന് അനുവാദം നൽകുന്നുണ്ട്.<br>2) ഒരു ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുന്ന TEFR അനുസരിച്ച് കപ്പാസിറ്റി പുതുക്കുന്നതിനും അനുവദിക്കുന്നുണ്ട്.<br>3) പദ്ധതിക്കാവശ്യമായ 75% ഭൂമിയും കണ്ടുപിടിച്ചതിനുശേഷം ആവശ്യമായ സർക്കാർ നടപടികൾക്കായി അപേക്ഷിക്കാവുന്നതാണ്.<br>4) 500 കിലോവാട്ട് വരെയുള്ള ഹൈഡ്രോ പദ്ധതികൾ ദർഘാസ് കൂടാതെ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. |

(.....2)

സ്വകാര്യ സംരംഭകരെ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു.

5) ബാങ്കിംഗ് അനുവദിക്കുന്നു.

6) ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർമാർക്ക് ഡിമാന്റ് ചാർജിൽ ആശ്വാസം.

7) ഒരു മെഗാവാട്ടിന് 15 ലക്ഷം രൂപ വരെനിരക്കിലുള്ള മിനിമം Threshold പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവുംകൂടുതൽ തുക ക്വാട്ട് ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നരീതിയിൽ സംരഭകർക്ക് പദ്ധതി അനുവാദം

8) പദ്ധതി നടപ്പിലാക്കുന്നവരുടെ സാങ്കേതികമായ കഴിവിനെക്കാളും സാമ്പത്തിക ശേഷി കണക്കിലെടുക്കും .

9) മുൻ സാമ്പത്തിക വർഷത്തിലെ networth പദ്ധതി ചെലവിന്റെ 15% ആയിരിക്കണം

10) TEFR ന് 'അനുമതി നൽകുന്നതിനും അതിനോടനുബന്ധിച്ചുള്ള സാങ്കേതിക കാര്യങ്ങൾ നോക്കുന്നതിനും ഈ മേഖലയിലെ വിദഗ്ധരുടെ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കും. ഇ എം സി ഡയറക്ടർ കൺവീനറായിരിക്കും.

11) ഇന്ത്യാ ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ സംരംഭകർക്ക് കൈമാറും

12) സുരക്ഷാ സംവിധാനങ്ങൾ സുതാര്യമാക്കുന്നതിന് ഡാം സുരക്ഷാ അതോറിറ്റിയുടെ പരിശോധനഏർപ്പെടുത്തും.

ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) ഏകദേശം 220 MW സ്ഥാപിതശേഷി നേടിത്തരാൻ പറ്റുന്ന 62 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കാണ് അനുമതി നൽകിയിരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനുള്ള പങ്കാളികളെ തെരഞ്ഞെടുക്കുന്ന രീതി വിശദമാക്കുമോ;

(ഡി) ഒരു പ്രീക്വാളിഫിക്കേഷൻ ടെണ്ടറിലൂടെ പദ്ധതി നടത്തിപ്പിനായി മുന്നോട്ടു വരുന്നവരുടെ (individuals, കമ്പനികൾ, LSGs) പ്രധാനമായും സാമ്പത്തിക അടിത്തറ പരിശോധിക്കുന്നു. പദ്ധതി ഏറ്റെടുത്താൽ പണി സമയബന്ധിതമായി തീർക്കും എന്ന് ഉറപ്പാക്കാനാണിത്. ഇങ്ങനെ തിരഞ്ഞെടുത്തവർ അവർക്ക് നടത്താൻ പറ്റുന്ന സ്ഥാപിതശേഷിയിലുള്ള പദ്ധതികൾക്ക് bid ചെയ്യാവുന്നതാണ്. ഒരു MW ന്

(· · · · 3)

15 ലക്ഷം രൂപയാണ് threshold premium നിശ്ചയിച്ചിരിക്കുന്നത്. ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്യുന്ന bidder ക്ക് Build, Own, Operate & Transfer (BOOT) വ്യവസ്ഥയിൽ ഈ പദ്ധതികൾ അലോട്ട് ചെയ്യുന്ന തീയതി മുതൽ 30 വർഷക്കാലത്തേക്ക് നല്കുന്നു. ഈ കാലയളവിനുശേഷം ഈ പദ്ധതികൾ സർക്കാരിന് മറ്റു ചിലവുകളില്ലാതെ (free) തിരിച്ച് നല്കേണ്ടതാണ്. പദ്ധതി നിയമബന്ധിതമായിതീർക്കുന്നതിന് സർക്കാരുമായി ഒരു Implementation Agreement ലും ഏർപ്പെടണം.

(ഇ) പ്രസ്തുത പദ്ധതികളിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ഉപയോഗം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഇ) Captive power producer, Indpendent Power Producer എന്നീ രണ്ടു വിഭാഗങ്ങളിലായാണ് പദ്ധതി നൽകുന്നത്. കേരളത്തിൽ തന്നെവ്യവസായശാലകളുള്ള സംരംഭകരാണെങ്കിൽ അവരുടെ ക്യാപ്റ്റീവ് ആവശ്യത്തിനാണ് ഈ വൈദ്യുതി ഉപയോഗിക്കുന്നത്. Independent Power Production Category ആണെങ്കിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ KSEB യ്ക്ക് നല്കണം. 5 MW വരെയുള്ള പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് പുതുക്കിയ നിരക്ക് 4.88 രൂപയും 5 MW ന് മുകളിൽ 25 MW വരെയുള്ള പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് 4.16 രൂപയുമാണ്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

**സെക്ഷൻ ഓഫീസർ**